**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 638** **06-12-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വാണിജ്യ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ ടി.ഐ.മധുസൂദനൻ,<br>ശ്രീ എം മുകേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആർജ്ജിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് ഈ സർക്കാർ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള വ്യവസായ വാണിജ്യ നയത്തിൽ കേരള ബ്രാൻഡ് രൂപീകരണവുമായി ബന്ധപ്പെട്ട് നിക്ഷേപ പ്രോത്സാഹന പദ്ധതികൾക്കായി മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | ”മെയ്ഡ് ഇൻ കേരള” എന്ന ബ്രാൻഡ് സൃഷ്ടിക്കുന്നതിലേക്ക് സംസ്ഥാനം മുന്നേറുകയും സ്വമേധയാ ഒരു ഗുണനിലവാര പരിശോധനാ സംവിധാനം ആവിഷ്കരിക്കുകയും ചെയ്യുമെന്ന് വ്യവസായ വാണിജ്യ നയത്തിൽ പ്രതിപാദിക്കുന്നു. കേരള ബ്രാൻഡ് സൃഷ്ടിക്കുന്നത് നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധനവിനും സഹായകരമാകുമെന്ന്ക ണക്കാക്കുന്നു. കേരള ബ്രാൻഡ് രൂപീകരണവുമായി ബന്ധപ്പെട്ട് നിക്ഷേപ പ്രോത്സാഹന പദ്ധതികൾക്കായി കരട് വ്യവസായ നയത്തിലൂടെ മുന്നോട്ട് വെച്ചിട്ടുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സ്വമേധയാ നടത്തുന്ന ഗുണനിലവാര പരിശോധന നടപ്പിലാക്കുന്നതിലൂടെ കേരളത്തിലെ എം.എസ്.എം.ഇ-കൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ നിർദിഷ്ട ഗുണനിലവാര മാനദണ്ഡം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിയും.<br><br>2.ഈ ഗുണനിലവാര പരിശോധനയ്ക്ക് കീഴിൽ എം.എസ്.എം.ഇ-കൾ ഉല്പാദിപ്പിക്കുന്ന ഉയർന്ന ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് നിക്ഷേപ പ്രോത്സാഹന പരിപാടികൾ സംഘടിപ്പിക്കും.<br><br>3. ബ്രാൻഡ് പ്രമോഷനായി “മെയ്ഡ് ഇൻ കേരള”പ്രദർശനങ്ങൾ സംഘടിപ്പിക്കും.<br><br>4.ദേശീയ/ അന്തർദേശീയ പ്രദർശനങ്ങളിലും വ്യാപാര മേളകളിലും “മെയ്ഡ് ഇൻ കേരള” ലോഗോയ്ക്ക് കീഴിൽ എം.എസ്.എം.ഇ-കളുടെ പങ്കാളിത്തം ഉറപ്പാക്കും. |

| | | | |
|---|---|---|---|
| (ബി) | കേരളം എന്ന ബ്രാൻഡിനെ വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദമാക്കാമോ; | (ബി) | നടപ്പിലാക്കും.<br><br>കയറ്റുമതി പ്രോത്സാഹനത്തിന് ഒരു സമർപ്പിത നയം രൂപീകരിക്കും. ജില്ലകൾ തോറും മേഖലാ കേന്ദ്രീകൃത പ്രൊമോഷൻ പരിപാടികളും ഉല്പ്പന്നങ്ങളുടെ ബ്രാന്റിംഗ് പരിപാടികളും സംഘടിപ്പിക്കും. സംസ്ഥാന/ജില്ലാതലത്തിൽ കയറ്റുമതി പ്രോത്സാഹന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. ദേശീയ / അന്തർദേശീയ കയറ്റുമതി ഫോറങ്ങളിൽ കയറ്റുമതി പ്രോത്സാഹനത്തിനുള്ള കൊളാറ്ററലുകൾ പ്രസിദ്ധീകരിക്കും. ഇതുകൂടാതെ, ദേശീയ / അന്തർദേശീയ വിപണന മേഖലകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്ന എം.എസ്.എം.ഇ കയറ്റുമതിക്കാരെ കൂടുതൽ പ്രോത്സാഹിപ്പിക്കും. |
| (സി) | വ്യവസായ പുരോഗതിയ്ക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മുൻതൂക്കം നൽകി രൂപീകരിച്ചിട്ടുള്ള വ്യവസായ വാണിജ്യ നയ രൂപീകരണത്തിൽ കേരള ബ്രാൻഡുമായി ബന്ധപ്പെട്ട പരിസ്ഥിതി സൗഹൃദ നിക്ഷേപം സംബന്ധിച്ച നിർദ്ദേശങ്ങൾ വിശദമാക്കുമോ? | (സി) | എം.എസ്.എം.ഇ വികസനത്തിന് ഇ.എസ്.ജി (Environmental, social & Governance) കേന്ദ്രീകൃത സമർപ്പിതനയം പ്രോത്സാഹിപ്പിക്കുകയും എം.എസ്.എം.ഇ-കളുടെ ഇ.എസ്.ജി റേറ്റിങ്ങിനെ അടിസ്ഥാനമാക്കിയുള്ള നവീകരണവും ഹരിത വളർച്ചയും ആവിഷ്കരിക്കുന്നതിന് പ്രകടനത്തെ അടിസ്ഥാനമാക്കി വായ്പ്പകളും പ്രോത്സാഹനങ്ങളും കരട് നയത്തിൽ വിഭാവനം ചെയ്യുന്നു. സെക്ടർ അടിസ്ഥാനമാക്കിയുള്ള ഇ.എസ്.ജി റേറ്റിങ് ചട്ടക്കൂട്, ഐക്യരാഷ്ട്രസഭ വിഭാവനം ചെയ്യുന്ന സുസ്ഥിരം വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഒരു Sustainable Accounting Standards Board (SASB) മെട്രിക്സ് മുതലായവ വികസിപ്പിക്കും. സംരംഭകർക്ക് ഹരിത പ്രോത്സാഹനം നല്കുന്നതിന്റെ ഭാഗമായി പ്രത്യേക ഫണ്ട് രൂപീകരിക്കും. ഉത്തരവാദിത്ത നിക്ഷേപ പ്രമേയത്തിന് കീഴിൽ നിക്ഷേപ വർദ്ധന യോഗങ്ങൾ സംഘടിപ്പിക്കും. |

സെക്ഷൻ ഓഫീസർ